**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2645** **17-03-2022 - ൽ മറുപടിയ്ക്ക്**

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ ഉപകരണങ്ങൾ വാങ്ങിയതിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ ക്രമവിരുദ്ധമായി ഉപകരണങ്ങൾ വാങ്ങി സംസ്ഥാനത്തിന് സാമ്പത്തിക ബാധ്യത വരുത്തിയതുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധനാ വിഭാഗം സമർപ്പിച്ച പരിശോധനാ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ധനകാര്യ പരിശോധനാ വിഭാഗം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് പരിശോധിച്ച് ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ചട്ടപ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കുകയും, സർക്കാരിനുണ്ടായ സാമ്പത്തിക ബാധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കിയിട്ടുണ്ട്. |
| (ബി) | റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരേ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ചുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (ബി) | ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 1, 2 ആയി ചേർത്തിട്ടുണ്ട്. |
| (സി) | ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയ ബാധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ? | (സി) | ഹ്രസ്വ ചിത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി ഇലക്ട്രിക്കൽ ആയിരുന്ന ശ്രീ.എ.വി.ജയരാജൻ ചെലവാക്കിയ തുകകളുടേതായി സമർപ്പിച്ചിട്ടുള്ള വൗച്ചറുകളിലെ പരിശോധനയിൽ അംഗീകരിക്കാൻ കഴിയാത്തതായി കണ്ടെത്തിയിട്ടുള്ള 2,71,240/- രൂപ ടിയാനിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

G.O.(Rt)No.66/2020/POWER

File No.PWR-A3/251/2018-POWER അനുബന്ധം - 1

**കേരള സർക്കാർ**

സംഗ്രഹം

ഊർജ്ജ വകുപ്പ് - ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നടന്ന സാമ്പത്തിക ക്രമക്കേടുകൾ - ധനകാര്യപരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട് -ചീഫ് ഇലക്ട്രിക്കൽ ശ്രീ.വി.സി.അനിൽകമാറിനെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഊർജ്ജ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം. /2020/ഊ.വ** തിരുവനന്തപുരം,തീയതി, 01.06.2020

പരാമർശം:-

1. ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 15-12-2018-ലെ 1967/ധ.പ.വി-ഇ 1/2017/ധന നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം ലഭ്യമായിട്ടുള്ള ധനകാര്യ പരിശോധന (ഇ) വിഭാഗം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട്.
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ. വി.സി.അനിൽ കുമാറിന് നൽകിയിട്ടുള്ള 17-06-2019-ലെ PWR-A3/251/2018/POWER നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും.
3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 10-07-2019 ലെ PER-04/2019/CEI നമ്പർ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമായിട്ടുള്ള ശ്രീ. വി.സി.അനിൽകുമാർ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പ്രതിവാദ പത്രിക.
4. 07-11-2019 ലെ PWR-A3/251/2018-PWR നമ്പർ സർക്കാർ കത്ത്.
5. 11-02-2020 തീയതിയായുള്ള ഔപചാരികഅന്വേഷണ വിചാരണ റിപ്പോർട്ട് നമ്പർ എഫ്.ഇ 01/2019/സെക്രട്ടറി/പവർ.
6. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.വി.സി.അനിൽകുമാറിന് നൽകിയ 24-03-2020 ലെ PWR-A3/251/2018/POWER നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
7. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.വി.സി.അനിൽകുമാർ നൽകിയ 11/05/2020 ലെ PER-04/2019/സി.ഇ.ഐ നമ്പർമറുപടി.

**ഉത്തരവ്**

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നടന്ന സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. റിപ്പോർട്ട് വിശദമായി പരിശോധിച്ചിട്ടുള്ളതിൽ ചുവടെപറയുന്ന കുറ്റങ്ങൾ

ചെയ്തതായി ആരോപിച്ചിരുന്നു.

i) ഉപകരണങ്ങൾ പർച്ചേസ് ചെയ്യുന്നതിന്റെ ഭാഗമായി pre-despatech പരിശോധന നടത്തുന്നതിനായി ചൈനാ സന്ദർശനത്തിന് ശ്രീ.എ. വി.ജയരാജൻ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ശ്രീ ശ്യാം മുരാരി എസ്, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ എന്നിവർക്ക് സർക്കാർ അനുമതി കൂടാതെ സ്വകാര്യ സന്ദർശനമെന്ന പേരിൽ വകുപ്പ് തലത്തിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ. വി.സി.അനിൽകുമാർ അവധി അനുവദിക്കുകയും പ്രസ്തുത വിവരം സർക്കാരിൽ നിന്നും മറച്ചു വയ്ക്കുകയും ചെയ്തു.

ii) ഇന്റർ നാഷണൽ കോൺഫറൻസ് ഓൺ ഇലക്ട്രിക്കൽ സേഫ്റ്റി 2017 എന്ന പരിപാടി നടത്തിയതിലെ ധനവിനിയോഗത്തിലും ഹ്രസ്വചിത്ര നിർമ്മാണം നിർവ്വഹിച്ചതിലെ ചെലവിടലിലും ഭരണപരമായ മേൽനോട്ടക്കുറവും കണക്കുകളും വൗച്ചറുകളും സമയബന്ധിതമായി സമർപ്പിക്കുന്നതിലും തീർപ്പാക്കുന്നതിലും ഗുരുതര വീഴ്ചകൾ വന്നതായും കാണുന്നു.

2. മേൽ പറഞ്ഞ കുറ്റം അതീവ ഗുരുതരവും ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ച്ചയും സർവ്വീസ് ചട്ടങ്ങളുടെ ലംഘനവുമായതിനാൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ. വി.സി.അനിൽകുമാറിന് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി. ആയതിന് പരാമർശം (3) പ്രകാരം ടിയാൻ പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്. പ്രഥമദൃഷ്ട്യാ പ്രതിവാദപത്രിക തൃപ്തികരമല്ല എന്നും കുറ്റം നിഷേധിക്കാൻ പര്യാപ്തമല്ല എന്നും ഭാഗികമായി കുറ്റാരോപണം സമ്മതിച്ചിട്ടുള്ളതായും കണ്ടതിനാൽ 1960 ലെ കേരളസിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരംപരാമർശം(4) സർക്കാർ കത്തിൽ ഊർജവകുപ്പ് സെക്രട്ടറിയെ ഔപചാരിക അന്വേഷണവിചാരണ അധികാരിയായി ഔപചാരികഅന്വേഷണം നടത്തുന്നതിന് നിശ്ചയിച്ചു.പ്രസ്തുത അന്വേഷണം നടത്തി പരാമർശം(5) പ്രകാരം ഔപചാരിക അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു.

3.പരാമർശം(2) ലെ കുറ്റാരോപണ മെമ്മോയിലെ കുറ്റങ്ങളിൻമേൽ ഔപചാരിക അന്വേഷണ വേളയിൽവിശദമായി പരിശോധിച്ചതിൽ ചുവടെ പറയുന്നകാര്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

i) കുറ്റാരോപണമെമ്മോയിലെഒന്നാമത്തെ കുറ്റത്തിന് കണ്ടെത്തിയത്:-

ടെൻഡർ വ്യവസ്ഥ,പർച്ചേസ് ഓർഡർ എന്നിവ പ്രകാരം ഉപകരണങ്ങൾ pre-despatch ഇൻസ്പെക്ഷൻ കഴിഞ്ഞാൽ മാത്രമേ ആയവ ചൈനയിൽ നിന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലേക്ക് എത്തിക്കാൻ സാധിക്കുഎന്നിരിക്കേ, പ്രസ്തുത pre-despatch ഇൻസ്പെക്ഷൻ

സർക്കാരിന്റെ അനുമതിയോടെ വേണ്ടവിധം ക്രമീകരിച്ച് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ. വി.സി.അനിൽകുമാറിന് കഴിഞ്ഞില്ല.ഓഫീസ് നിയന്ത്രണത്തിൽ ദൗർബല്യം ഉണ്ടായി എന്നതും ബോധമല്ലാത്ത വീഴ്ചകൾ ഓഫീസ് മേധാവി എന്ന നിലയിൽ സംഭവിച്ചിട്ടുണ്ട് എന്നും വ്യക്തമാണ്. പരാമർശം(1)ലെ കുറ്റാരോപണ മെമ്മോയിലെ ഒന്നാമത്തെ കുറ്റം അതിനാൽ ഓഫീസ് നടപടിക്രമത്തിന് വീഴ്ച്ച വന്നു എന്ന് ഭാഗികമായിമാത്രം തെളിഞ്ഞിട്ടുണ്ട്.

ii) കുറ്റാരോപണമെമ്മോയിലെ രണ്ടാമത്തെ കുറ്റത്തിന് കണ്ടെത്തിയത്:-

ഇന്റർ നാഷണൽ കോൺഫറൻസ് ഓൺ ഇലക്ട്രിക്കൽ സേഫ്റ്റി 2017 എന്ന പരിപാടി നടത്തിയതിലും ഹ്രസ്വചിത്ര നിർമ്മാണം നിർവ്വഹിച്ചതിലും ചട്ടങ്ങളും,നിയമങ്ങളും സർക്കാർ നിർദേശങ്ങളും പാലിച്ച് വളരെ ശ്രദ്ധയോടെയും സൂക്ഷ്മതയോടെയും ഉത്തരവാദിത്വത്തോടെയും സർക്കാർ തുക ചെലവിടുന്നതിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/വകുപ്പ്മേധാവി എന്ന നിലയിൽ ശ്രീ. വി.സി.അനിൽകുമാറിന്റെ ഭാഗത്ത് ഭാഗികമായ മേൽനോട്ടക്കുറവും ജാഗ്രതക്കുറവും ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാണ്. ധനകാര്യ ചട്ടങ്ങളും ഉത്തരവുകളും മനസ്സിലാക്കുന്നതിലും പാലിക്കുന്നതിലും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ എന്നനിലയിൽ ടിയാന് വീഴ്ച്ച സംഭവിച്ചിട്ടുണ്ട്. ചാർജ്ജ് അതിനാൽ ഭാഗികമായി തെളിഞ്ഞിട്ടുണ്ട്.

4.പരാമർശം (2) ലെ കുറ്റാരോപണമെമ്മോയിലെ കുറ്റങ്ങൾ സൂചന(5) ഔപചാരികഅന്വേഷണത്തിൽ മേൽ പരാമർശിച്ച പ്രകാരം ഭാഗികമായി തെളിയുന്നതിനാൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ. വി.സി.അനിൽകുമാറിനെതിരെ 1960 ലെ കേരളാ സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്കുള്ളിലെ ചട്ടം 11 ൽ അനുശാസിക്കുന്ന ലഘു ശിക്ഷയായ "സെൻഷർ"(censure) നൽകുന്നതിന് സർക്കാർ താൽക്കാലികമായി തീരുമാനിക്കുകയും, പ്രസ്തുതവിവരവും, ടി താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുന്നതിന് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽആയത് സമർപ്പിക്കുവാനും സൂചിപ്പിച്ചുകൊണ്ട് പരാമർശം(6) പ്രകാരം കാരണംകാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. ആയതിന് പരാമർശം(7) പ്രകാരം ശ്രീ. വി.സി.അനിൽകുമാർ മറുപടി നൽകി. പ്രസ്തുതമറുപടിയിൽ,സൂചന(2) ലെ കുറ്റാരോപണമെമ്മോയ്ക്ക് സൂചന(3) പ്രകാരം നൽകിയ പ്രതിവാദ പത്രികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ കൂടുതലായൊന്നും ബോധിപ്പിച്ചിട്ടില്ലാത്തതുമാണ്.

5.മേൽ സാഹചര്യങ്ങളിൽ ധനകാര്യപരിശോധനാവിഭാഗം സമർപ്പിച്ച പരാമർശം(1)ലെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ. വി.സി. അനിൽകുമാറിനെതിരെ സർക്കാർ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടി,പ്രസ്തുത ഉദ്യോഗസ്ഥന് 1960 ലെ കേരളാ സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്കുള്ളിലെ ചട്ടം 11 ൽ അനുശാസിക്കുന്ന ലഘു ശിക്ഷയായ "സെൻഷർ"(censure) നൽകി തീർപ്പാക്കി ഉത്തരവു പുറപ്പെടുവിക്കുന്നു.ശിക്ഷക്കാധാരമായ പിഴവുകൾ ആവർത്തിക്കാതിരിക്കാൻ ടിയാനെ കർശനമായി താക്കീതുചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.ബി.അശോക്.ഐ.എ.എസ്**
**സെക്രട്ടറി**

ശ്രീ. വി.സി.അനിൽകുമാർ,ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരളം,തിരുവനന്തപുരം.
ധനകാര്യവകുപ്പ്.
വിവരപൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SHAMEEM MUHAMMED B M
Date: 2020.06.01 14:12:19 IST
Reason: Approved

സെക്ഷൻ ഓഫീസർ.

അനുബന്ധം. 2

File No.PWR-A3/251/2018-POWER

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഊർജ്ജ വകുപ്പ് - ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നടന്ന സാമ്പത്തിക ക്രമക്കേടുകൾ - ധനകാര്യപരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട് - ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാരായ ശ്രീ. എ. വി ജയരാജൻ, ശ്രീ ശ്യാംമുരാരി എസ് എന്നിവർക്കെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഊർജ്ജ (എ) വകുപ്പ്

സ.ഉ.(സാധാ) നം.142/2021/ഊ.വ തീയതി,തിരുവനന്തപുരം, 25/09/2021

---

പരാമർശം:-

1. ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 15-12-2018-ലെ 1967/ധ.പ.വി-ഇ1/2017/ധന നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം ലഭ്യമായിട്ടുള്ള ധനകാര്യ പരിശോധന (ഇ) വിഭാഗം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട്.
2. ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാരായ ശ്രീ. എ. വി ജയരാജൻ, ശ്രീ ശ്യാംമുരാരി എസ് എന്നിവർക്ക് നൽകിയിട്ടുള്ള 17-06-2019-ലെ PWR-A3/251/2018/POWER നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും.
3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 25-07-2019 ലെ PER-04/2019/CEI നമ്പർ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമായിട്ടുള്ള ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാരായ ശ്രീ. എ. വി ജയരാജൻ, ശ്രീ ശ്യാംമുരാരി എസ് എന്നിവരുടെ പ്രതിവാദ പത്രിക
4. സ.ഉ.(സാധ) നം.185/2019/പവർ തീയതി 07/11/2019
5. 31-05-2020 തീയതിയായുള്ള ഔപചാരികഅന്വേഷണ വിചാരണ റിപ്പോർട്ട് നമ്പർ എഫ്.ഇ.01.2019/ജെ.എസ്/പവർ.
6. ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാരായ ശ്രീ. എ. വി ജയരാജൻ, ശ്രീ ശ്യാംമുരാരി എസ് എന്നിവർക്ക് നൽകിയിട്ടുള്ള 01/02/2021-ലെ PWR-A3/251/2018/POWER നമ്പർ കാരണം കാണിക്കൽ നോട്ടീസുകൾ.
7. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് അയച്ച 06/02/2021-ലെ PWR-A3/251/2018/POWER നമ്പർ സർക്കാർ കത്ത്.
8. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 10/03/2021 ലെ PER-04/2019/CEI നമ്പർ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമായിട്ടുള്ള ശ്രീ. എ. വി ജയരാജൻ, ശ്രീ ശ്യാംമുരാരി എസ് എന്നിവർ നൽകിയ കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി

ഉത്തരവ്

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നടന്ന സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. റിപ്പോർട്ട് വിശദമായി പരിശോധിച്ചിട്ടുള്ളതിൽ ശ്രീ. എ. വി ജയരാജൻ, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ചുവടെപ്പറയുന്ന പറയുന്ന കുറ്റങ്ങൾ ചെയ്തതായി ആരോപിച്ചിരുന്നു.

1. ഉപകരണങ്ങൾ പർച്ചേയ്സ് ചെയ്യുന്നതിന്റെ ഭാഗമായി സർക്കാർ അനുമതി കൂടാതെ വകുപ്പ് തലത്തിൽ അവധിയിൽ സ്വകാര്യ സന്ദർശനമെന്ന വ്യാജേന വിദേശ യാത്ര നടത്തി pre-despatch പരിശോധന നടത്തുകയും പ്രസ്തുത വിവരം സർക്കാരിൽ നിന്നും ബോധപൂർവ്വം മറച്ചുവയ്ക്കുകയും ചെയ്തു.
2. ഹ്രസ്വ ചിത്ര നിർമ്മാണവുമായി ബന്ധപ്പെട്ട ചെലവിടലുകളിലും കണക്കുകളും വൗച്ചറുകളും സമയബന്ധിതമായി സമർപ്പിക്കുന്നതിലും തീർപ്പാക്കുന്നതിലും ഗുരുതര വീഴ്ചകൾ വന്നതായി കാണുന്നു.

2) ധനകാര്യ പരിശോധനാ വിഭാഗം ലഭ്യമാക്കിയ റിപ്പോർട്ട് വിശദമായി പരിശോധിച്ചിട്ടുള്ളതിൽ ശ്രീ ശ്യാംമുരാരി എസ്, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ചുവടെപ്പറയുന്ന പറയുന്ന കുറ്റങ്ങൾ ചെയ്തതായി ആരോപിച്ചിരുന്നു.

1. സർക്കാർ അനുമതി കൂടാതെ വകുപ്പുതലത്തിൽ അവധിയിൽ സ്വകാര്യ സന്ദർശനമെന്ന വ്യാജേന വിദേശ യാത്ര നടത്തി ഉപകരണങ്ങൾ പർച്ചേയ്സ് ചെയ്യുന്നതിന്റെ ഭാഗമായി Pre-despatch പരിശോധന നടത്തുകയും പ്രസ്തുത വിവരം സർക്കാരിൽ നിന്നും ബോധപൂർവ്വം മറച്ചു വയ്ക്കുകയും ചെയ്തു.

3) മേൽപ്പറഞ്ഞ കുറ്റങ്ങൾ അതീവ ഗുരുതരവും ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ച്ചയും സർവ്വീസ് ചട്ടങ്ങളുടെ ലംഘനവുമായതിനാൽ - ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാരായ ശ്രീ. എ. വി ജയരാജൻ, ശ്രീ ശ്യാംമുരാരി എസ് എന്നിവർക്ക് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി. ആയതിന് പരാമർശം (3) പ്രകാരം ടി ഉദ്യോഗസ്ഥർ പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്. പ്രഥമദൃഷ്ട്യാ പ്രതിവാദപത്രിക തൃപ്തികരമല്ല എന്നും കുറ്റം നിഷേധിക്കാൻ പര്യാപ്തമല്ല എന്നും ഭാഗികമായി കുറ്റാരോപണം സമ്മതിച്ചിട്ടുള്ളതായും കണ്ടതിനാൽ 1960ലെ കേരളസിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം പരാമർശം (4) സർക്കാർ ഉത്തരവിൽ ഊർജ്ജവകുപ്പ് ജോയിന്റ് സെക്രട്ടറിയെ ഔപചാരിക അന്വേഷണവിചാരണ അധികാരിയായി ഔപചാരിക അന്വേഷണം നടത്തുന്നതിന് നിശ്ചയിച്ചു. പ്രസ്തുത അന്വേഷണം നടത്തി പരാമർശം (5) പ്രകാരം ഔപചാരിക അന്വേഷണറിപ്പോർട്ട് സമർപ്പിച്ചു.

4) പരാമർശം (2) ലെ കുറ്റാരോപണ മെമ്മോയിലെ ശ്രീ. എ. വി ജയരാജനെതിരെയുള്ള കുറ്റങ്ങളിൻമേൽ ഔപചാരിക അന്വേഷണ വേളയിൽ വിശദമായി പരിശോധിച്ചതിൽ ചുവടെ പറയുന്നകാര്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്:

- കുറ്റാരോപണമെമ്മോയിലെ ഒന്നാമത്തെ കുറ്റത്തിന് കണ്ടെത്തിയത്:- ഓഫീസ് നിയന്ത്രണത്തിലും നടപടിക്രമങ്ങളിലും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ച, ശ്രീ. എ. വി ജയരാജൻ തനിക്കനുകൂലമാക്കിയെടുക്കുകയും ചൈനയിലേക്ക് സ്വകാര്യ സന്ദർശനത്തിനെന്ന പേരിൽ അവധി അപേക്ഷ നൽകി ആയത് തരപ്പെടുത്തി, പ്രസ്തുത അവധിസമയത്ത് ടെൻഡർ വ്യവസ്ഥ, പർച്ചേസ് ഓർഡർ എന്നിവ പ്രകാരമുള്ള pre-despatch ഇൻസ്പെക്ഷൻ നടത്തുകയും, ആയതിലേക്കുള്ള എല്ലാ സജ്ജീകരണങ്ങളും ബന്ധപ്പെട്ട കമ്പനിയുടെ ചിലവിൽ നടത്തുകയും, പ്രസ്തുത ഔദ്യോഗികയാത്രയ്ക്ക് ധനകാര്യവകുപ്പിന്റെ 07-04-2009 ലെ 31/2009/Fin, 08-10-2014 ലെ 89/2014/Fin എന്നീ നമ്പർ സർക്കുലർ പ്രകാരം നിഷ്കർശിച്ചിട്ടുള്ള സർക്കാർ അനുമതി വാങ്ങാതെ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറെയും സർക്കാരിനെയും ബോധപൂർവ്വം മറച്ചുവയ്ക്കുകയും ചെയ്തു എന്ന് വ്യക്തമാണ്. കൂടാതെ ഔദ്യോഗികമായ യാത്രയാണ് ശ്രീ. എ. വി ജയരാജൻ നടത്തിയിരുന്നതെങ്കിൽ ആയതിന്റെ പരിശോധന റിപ്പോർട്ട് ടിയാൻ സി.ഇ.ഐക്ക്

സമർപ്പിക്കേണ്ടതായിരുന്നുവെന്നും എന്നാൽ നാളിതുവരെ ടിയാൻ അപ്രകാരം ചെയ്തിട്ടില്ല എന്നും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ബോധിപ്പിച്ചിട്ടുണ്ട്. പരാമർശം (2) ലെ കുറ്റാരോപണമെമ്മോയിലെ ഒന്നാമത്തെ കുറ്റം അതിനാൽ പൂർണ്ണമായും തെളിയുന്നു.

- കുറ്റാരോപണമെമ്മോയിലെ രണ്ടാമത്തെ കുറ്റത്തിന് ഔപചാരിക അന്വേഷണത്തിൽ കണ്ടെത്തിയത്:- വൗച്ചറുകളുടെ പരിശോധനയിൽ അംഗീകരിക്കാൻ കഴിയാത്തതായി ധനകാര്യ പരിശോധന (ഇ) വിഭാഗം കണ്ടെത്തിയിട്ടുള്ള ചിലവുകളുടെ തുകയായ 2,71,240/- രൂപയുടെ അംഗീകരിക്കാനാകാത്ത വൗച്ചറുകൾ സംബന്ധിച്ച് ശ്രീ എ.വി.ജയരാജൻ നൽകിയ മറുപടി പരിശോധിച്ചതിൽ ആയത് അംഗീകരിക്കാൻ കഴിയുന്നതായി കാണുന്നില്ല. മാത്രവുമല്ല പ്രസ്തുത 2,71,240/- രൂപ ശ്രീ. എ.വി.ജയരാജനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറും ശിപാർശചെയ്തിട്ടുണ്ട്. ഹ്രസ്വ ചിത്ര നിർമ്മാണം നിർവ്വഹിച്ചതിൽ ചട്ടങ്ങളും നിയമങ്ങളും സർക്കാർ നിർദേശങ്ങളും പാലിച്ച് വളരെ ശ്രദ്ധയോടെയും സൂക്ഷ്മതയോടെയും ഉത്തരവാദിത്വത്തോടെയും സർക്കാർ തുക ചെലവിടുന്നതിൽ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടറായ ശ്രീ. എ. വി ജയരാജന്റെ ഭാഗത്ത് അതീവ ഗുരുതരമായ ജാഗ്രതക്കുറവ് ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാണ്. പരാമർശം (2) ലെ കുറ്റാരോപണമെമ്മോയിലെ രണ്ടാമത്തെ കുറ്റം അതിനാൽ പൂർണ്ണമായും തെളിയുന്നു.

5) പരാമർശം [illegible] കുറ്റാരോപണമെമ്മോയിലെ ശ്രീ ശ്യാംമുരാരി എസിനെതിരെയുള്ള കുറ്റങ്ങളിൻമേൽ ഔപചാരിക അന്വേഷണ വേളയിൽ വിശദമായി പരിശോധിച്ചതിൽ ചുവടെ പറയുന്നകാര്യങ്ങൾ കണ്ടെത്തിയിട്ടു

- ഓഫീസ് നിയന്ത്രണത്തിലും നടപടിക്രമങ്ങളിലും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ച, ശ്രീ ശ്യാംമുരാരി എസ് തനിക്കനുകൂലമാക്കിയെടുക്കുകയും ചൈനയിലേക്ക് സ്വകാര്യ സന്ദർശനത്തിനെന്ന പേരിൽ അ[illegible] നൽകി ആയത് തരപ്പെടുത്തി. പ്രസ്തുത അവധിസമയത്ത് ടെൻഡർ വ്യവസ്ഥ, പർച്ചേസ് ഓർഡർ എന്നിവ പ്രകാരമുള്ള pre-despatch ഇൻസ്പെക്ഷൻ നടത്തുകയും, ആയതിലേക്കുള്ള എല്ലാ സജ്ജീകരണങ്ങളും ബന്ധപ്പെട്ട കമ്പനിയുടെ ചിലവിൽ നടത്തുകയും, പ്രസ്തുത ഔദ്യോഗികയാത്രയ്ക്ക് ധനകാര്യവകുപ്പിന്റെ [illegible]-04-2009 ലെ 31/2009/Fin. 08-10-2014 ലെ 89/2014/Fin എന്നീ നമ്പർ സർക്കുലർ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സർക്കാർ അനുമതി വാങ്ങാതെ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറെയും സർക്കാരിനെയും ബോധപൂർവ്വം മറച്ചുവയ്ക്കുകയും ചെയ്തു എന്ന് വ്യക്തമാണ്. കൂടാതെ ഔദ്യോഗികമായ യാത്രയാണ് ശ്രീ ശ്യാംമുരാരി എസ് നടത്തിയിരുന്നതെങ്കിൽ ആയതിന്റെ പരിശോധന റിപ്പോർട്ട് ടിയാൻ സി.ഇ.ഐ.ക്ക് [illegible] സമർപ്പിക്കേണ്ടതായിരുന്നുവെന്നും എന്നാൽ നാളിതുവരെ ടിയാൻ അപ്രകാരം ചെയ്തിട്ടില്ല എന്നും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ബോധിപ്പിച്ചിട്ടുണ്ട്. പരാമർശം (2) ലെ കുറ്റാരോപണമെമ്മോയിലെ കുറ്റം അതിനാൽ പൂർണ്ണമായും തെളിയുന്നു.

6) പരാമർശം [illegible] ലെ കുറ്റാരോപണമെമ്മോയിലെ കുറ്റങ്ങൾ പരാമർശം (5) ഔപചാരിക അന്വേഷണത്തിൽ മേൽ പരാമർശിച്ച പ്രകാരം പൂർണ്ണമായി തെളിയുന്നതിനാൽ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാരായ ശ്രീ. എ. വി ജയരാജൻ ശ്രീ ശ്യാംമുരാരി എസ് എന്നിവർക്കെതിരെ 1960 ലെ കേരളാ സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്കുള്ളിലെ ചട്ടം 11(1)ൽ അനുശാസിക്കുന്ന ലഘുശിക്ഷയായ, ടി ഉദ്യോഗസ്ഥരുടെ [illegible] വാർഷിക ശമ്പളവർധനവ്(annual increment) ഒരു വർഷത്തേയ്ക്ക്

സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞു വയ്ക്കുന്നതിന് സർക്കാർ താൽക്കാലികമായി തീരുമാനിക്കുകയും, പ്രസ്തുതവിവരവും, ടി താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുന്നതിന് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് സമർപ്പിക്കുവാനും സൂചിപ്പിച്ചുകൊണ്ട് പരാമർശം (6) പ്രകാരം കാരണംകാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. ആയതിന് പരാമർശം (8) പ്രകാരം ടി ഉദ്യോഗസ്ഥർ മറുപടി നൽകി. പ്രസ്തുതമറുപടിയിൽ, ഔപചാരിക അന്വേഷണ അധികാരി മുമ്പാകെയുള്ള ടി ഉദ്യോഗസ്ഥരുടെ മൊഴികളിലും പരാമർശം (2) ലെ കുറ്റാരോപണമെമ്മോയ്ക്ക് പരാമർശം (3) പ്രകാരം നൽകിയ പ്രതിവാദ പത്രികയിലും പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ കൂടുതലായൊന്നും ബോധിപ്പിച്ചിട്ടില്ലാത്തതുമാണ്.

7) മേൽ സാഹചര്യങ്ങളിൽ ധനകാര്യപരിശോധനാവിഭാഗം സമർപ്പിച്ച പരാമർശം (1) ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാരായ ശ്രീ. എ. വി ജയരാജൻ, ശ്രീ ശ്യാംമുരാരി എസ് എന്നിവർക്കെതിരെ സർക്കാർ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടി, പ്രസ്തുത ഉദ്യാഗസ്ഥർക്ക് 1960 ലെ കേരളാ സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്കുള്ളിലെ ചട്ടം 11(1) ൽ അനുശാസിക്കുന്ന ലഘു ശിക്ഷയായ ഒരു വാർഷിക ശമ്പള വർദ്ധനവ്(Annual Increment) ഒരു വർഷത്തേയ്ക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞ് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാജേഷ് കുമാർ സിൻഹ**

പ്രിൻസിപ്പൽ സെക്രട്ടറി

<u>പകർപ്പ്</u>

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ(ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരള, തിരുവനന്തപുരം

ധനകാര്യവകുപ്പ്

വിവരപൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം-3

# GOVERNMENT OF KERALA

CHALAN ORIGINAL

FORM T.R. 12

( See Rules 102 (c) & 124 of Kerala Treasury Code)

Chalan for Payment of Money into the District Treasury / ~~Sub-Treasury~~ ~~State Bank of India~~ / ~~State Bank of Travan~~core

At: Pathanamthitta

Computer Seq No: Date: 01.03.2021

Head of Account: 2810 | 00 | 911 | 99 |

Maj Smj Min Sub Subsub

*DDO Code: (Dept) (DDO)

*SDO Code:

| By whom paid &Name & address of the person on whose behalf money is paid | Purpose of remittance & authority, if any | Amount in Rs | Order to the Bank |
|---|---|---|---|
| JAYARAJAN A. V. (PEN : 224763) Deputy Electrical Inspector Department of Electrical Inspectorate Government of Kerala<br>C/o The Electrical Inspector Pathanamthitta | Settlement of unconfirmed amount as per financial audit in connection with Short film | 2,71,240.00 | Correct<br>Receive and grant receipt<br>Treasury Officer |
| | Total | 2,71,240.00 | |

Total in words: Two lakhs seventy one thousand two hundred and forty only

Signature of Remitter:

Received Rs ..........

(~~Rupees~~ ........................ only)

CASH RECEIVED

Date: 27/2/2021 1/3/21 Seal

Signature of Treasurer/ Cashier/ Treasury Officer / Bank Manager

Note:

1. The seal / stamp of the Treasury / Bank of collection shall be affixed
2. If remittance is in official capacity (SDO/DDO) write corresponding code in the column provided
3. If loan repayment of SDO write installment number in purpose column

KL019906389 2020-21M